# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1229 30.01.2018 ൽ മറുപടിക്ക്**

## കുറ്റാലം കൊട്ടാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കുറ്റാലം കൊട്ടാരം അന്യാധീനപ്പെടാതിരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കുമോ; | (എ) കേരള പൊലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേക്ക് വാച്ചർ കം ഗാർഡനർമാരായി താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്.നിലവിലുള്ള സംരക്ഷണ ഭിത്തിക്കു പുറമേ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ ഫെൻസിങ് ചെയ്യാനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കൊട്ടാരത്തിലെ ഗുരുതരമായ ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) ക്രമക്കേടുകൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കുറ്റാലം കൊട്ടാരത്തിൽ പാലസ് സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്തിരുന്ന വ്യക്തിയെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തു. തുടർ നടപടികൾക്കായി കൂടുതൽ അന്വേഷണം നടന്നുവരുന്നു. ഈ കൊട്ടാരം തട്ടിയെടുക്കാൻ തമിഴ് നാട് കേന്ദ്രമായി ഒരു ക്രിമിനൽ സംഘം ശക്തമായി പ്രവർത്തിക്കുന്നു. കഴിഞ്ഞ സർക്കാർ ഇതിനു കൂട്ടു നിന്നു. |

| | |
|---|---|
| | ഇപ്പോഴത്തെ സർക്കാർ അതിനെ ചെറുത്തു കൊട്ടാരം സംരക്ഷിക്കാൻ ശ്രമിക്കുന്നു. പാലസ് സൂപ്രണ്ട് പദവി അന്യായമായി ലഭിച്ചയാൾ സാമൂഹ്യ വിരുദ്ധരുമായി ചേർന്ന് കൊട്ടാരവും സ്വത്തും തട്ടിയെടുക്കുവാനായി ശ്രമിക്കുന്നു. കള്ള രേഖകൾ ഉണ്ടാക്കി പ്രാദേശിക കോടതിയിൽ സമർപ്പിച്ചു അതീവ ഗുരുതരമായ സ്ഥിതിയാണ് അവിടെയുള്ളത്. അതിനെ നിയമ പരമായും ഭരണപരമായും കേരള സർക്കാർ നേരിടാൻ ശ്രമിച്ചുവരുന്നു. |
| (സി) കൊട്ടാരത്തിൽ 'പാലസ് സൂപ്രണ്ട്' എന്ന പദവി നിലവിലുണ്ടായിരുന്നോ; നിലവിൽ ആർക്കാണ് കൊട്ടാരത്തിന്റെ ചുമതലയെന്ന് വ്യക്തമാക്കാമോ? | (സി) കൊട്ടാരത്തിൽ 'പാലസ് സൂപ്രണ്ട്' എന്ന പദവി നിലവിലുണ്ടായിരുന്നു. നിലവിൽ കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിനാണ് കുറ്റാലം കൊട്ടാരത്തിന്റെ ചുമതല. |

**സെക്ഷൻ ഓഫീസർ**